**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ജീവനക്കാര്യം - എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009 മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് കമ്മിറ്റിയെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി(എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.627/2025/TAXES** **തീയതി,തിരുവനന്തപുരം, 03-07-2025**

---

പരാമർശം:- 1. സ.ഉ.(സാധാ)നം.425/2024/നികുതി തീയതി 22.05.2024.

2. കേരള സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ 20.12.2024 തീയതിയിൽ സമർപ്പിച്ച നിവേദനം

**ഉത്തരവ്**

എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009- 19.08.2011, 20.08.2011-31.12.2021 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റിനെതിരെ വ്യാപകമായ പരാതികളും കോടതി കേസുകളുമുള്ളതിനാൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും അതിനാൽ, പരാമർശം (1) പ്രകാരം രൂപീകരിച്ച കമ്മിറ്റിയെ ടി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തണമെന്നും അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം കേരള സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ നിവേദനം സമർപ്പിക്കുകയുണ്ടായി.

**2)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാരുടെ 01.01.2009-19.08.2011, 20.08.2011-31.12.2021 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റിനെതിരെ വ്യാപകമായ പരാതികളും കോടതി കേസുകളുമുള്ളതിനാൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുവാൻ കഴിയുന്നില്ല എന്നു ബോധ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ, 01.01.2009- 19.08.2011, 20.08.2011-31.12.2021

കാലയളവിലെ സീനിയോറിറ്റി ലിസ്റ്റുകൾ സമയബന്ധിതമായി പുനഃക്രമീകരിക്കുന്നതിന് പരാമർശം (2) പ്രകാരം 2004-2006 വർഷത്തെ എക്സൈസ് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
ഡെപ്യൂട്ടി സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. കേരള സ്റ്റേറ്റ് എക്സൈസ് സ്റ്റാഫ് അസോസിയേഷൻ (എക്സൈസ് കമ്മീഷണർ മുഖേന)
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് - ഇ.ആർ.എസ്.എ) കേരള, തിരുവനന്തപുരം
5. വെബ് &ന്യൂ മീഡിയ
6. കരുതൽ ഫയൽ /ഓഫീസ് കോപ്പി. (F1/39/2025/TAXES)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 03-07-2025 10:57:10